(സി) ദേശീയപാതയിൽ അപകടം നിത്യസംഭവമായികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കോട്ടക്കൽ കേന്ദ്രമാക്കി ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) മലപ്പുറം ജില്ലാ ആസ്ഥാനത്തെ മുണ്ടുപറമ്പ് ഫയർ സ്റ്റേഷനിൽ പുതിയ വാഹനങ്ങളും ആധുനിക സൗകര്യങ്ങളും ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) അനുബന്ധം I-*ൽ കൊടുത്തിട്ടുള്ള വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇപ്പോൾ പരിഗണയിലല്ല.

(ഡി) കൂടുതൽ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുമ്പോൾ ലഭ്യതയുടെ അടിസ്ഥാനത്തിൽ ഇവ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

കൊയിലാണ്ടി നഗരസഭാ പ്രദേശത്ത് ഫയർ സ്റ്റേഷൻ

81(287) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി നഗരസഭാ പ്രദേശത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ പ്രസ്തുത ഫയർ സ്റ്റേഷൻ സ്ഥാപിക്കുവാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സംസ്ഥാനത്ത് പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാ പട്ടികയിൽ കൊയിലാണ്ടി ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥലവും അനുബന്ധ സൗകര്യങ്ങളും ലഭ്യമാകുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്കും അനുസൃതമായി ടി സ്റ്റേഷൻ തുറന്നു പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പന്തളം ഫയർഫോഴ്സ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

82(288) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-04-ൽ പന്തളത്ത് ഫയർഫോഴ്സ് സ്റ്റേഷൻ അനുവദിച്ചെങ്കിലും നാളിതുവരെ കെട്ടിവും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്താത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) എന്തൊക്കെ നടപടിക്രമങ്ങളാണ് ഇനി പൂർത്തീകരിക്കാനുള്ളത്;

* *ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ഫയർ സ്റ്റേഷന്റെ കെട്ടിടവും മറ്റ് സൗകര്യങ്ങളും എന്നത്തേക്ക് ഏർപ്പെടുത്തുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പന്തളത്ത് അഗ്നിശമന രക്ഷാനിലയം അനുവദിച്ചിട്ടില്ല.

(ബി&സി) ഉദിക്കുന്നില്ല.

ജയിൽ നിയമം നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

83(289) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി. ജയരാജൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ ജയിൽനിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ജയിലുകളുടെ നവീകരണത്തിനും വികസനത്തിനുമായി എന്തെല്ലാം നടപടികൾ ഈ സർക്കാർ അധികാരമേറ്റശേഷം സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) തടവുകാരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ഡി) എല്ലാ ജയിലുകളിലും വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തുമോ ;

(ഇ) തടവുകാരുടെ വേതനത്തിൽ ഈ സർക്കാർ എന്തുമാത്രം വർദ്ധനവ് വരുത്തിയിട്ടുണ്ട് : വേതനം കാലാനുസൃതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 14-5-2010 -ലെ 3153/ലെജി.ബി1/2010/നിയമം നമ്പർ വിജ്ഞാപനം പ്രകാരം "കേരള പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ് (മാനേജ്മെന്റ്) ആക്ട് 2010" അസാധാരണ ഗസ്റ്റ് ആയി പ്രസിദ്ധപ്പെടുത്തി. പ്രസ്തുത ആക്ടിന്റെ 1-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം 1-1-2011-ലെ 90536/ബി1/2010/ആഭ്യന്തരം നമ്പരായി കേരള സർക്കാർ 2011 ജനുവരി 1-ാം തീയതി പ്രസ്തുത ആക്ട് പ്രാബല്യത്തിൽ വരുന്നതായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതോടൊപ്പം പ്രസ്തുത പ്രിസൺ ആക്ട് അനുസരിച്ച് ജയിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly